**കേരള സർക്കാർ**

**ഉന്നത വിദ്യാഭ്യാസ (എച്ച്)വകുപ്പ്**

നം. 38177/H3/ 14/ഉ.വി.വ. തിരുവനന്തപുരം, തീയതി 30 /04/2019.

**സർക്കുലർ**

**വിഷയം :- അച്ചടി വകുപ്പ്-- കേരള സർക്കാർ അസാധാരണ (എക്സ്ട്രാ ഓർഡിനറി) ഗസറ്റുകൾ ഇലക്ട്രോണിക് മാധ്യമത്തിലൂടെ, പ്രസിദ്ധീകരിക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

2000 ലെ, വിവര സാങ്കേതിക വിദ്യാനിയമത്തിലെ, 8-ാം വകുപ്പിലെ വ്യവസ്ഥയ്ക്ക് വിധേയമായി കേരള സർക്കാരിന്റെ അസാധാരണ ഗസറ്റ് വിജ്ഞാപനങ്ങൾ,ഇലക്ട്രോണിക് മാധ്യമത്തിലൂടെ പ്രസിദ്ധീകരിക്കുന്നതിന് തിരുമാനിച്ചിട്ടുള്ളതാണ്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഇപ്പോൾ അസാധാരണ ഗസറ്റിൽ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചുവരുന്ന വകുപ്പുകളും സ്ഥാപനങ്ങളും, ഈ സർക്കുലറിന്റെ തീയതി മുതൽ 15 ദിവസങ്ങൾക്കുള്ളിൽ (15/05/2019 നുള്ളിൽ) ഇലക്ട്രോണിക് മാധ്യമം വഴി വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് , ക്ഷമതയുള്ള അധികാരിക്ക് യൂസർ നെയിമും (user name) password ഉം ലഭിക്കുന്നതിനായി പ്രസ്തുത ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, പെൻ നമ്പർ, സ്പാർക്കുമായി ബന്ധപ്പെടുത്തിയിട്ടുള്ള മൊബൈൽ നമ്പർ, വകുപ്പ്, ഓഫീസ് മുതലായവ അച്ചടി വകുപ്പിന്റെ gazette.printing@kerala.gov.in എന്ന വിലാസത്തിലേക്ക് അയച്ചു തരേണ്ടതാണ്. പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പിൽ നിന്നും നൽകുന്ന user name ഉം password ഉം ഉപയോഗിച്ചു മാത്രമേ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരണത്തിനായി നൽകാവൂ. ഇത് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന് Digital signature ഉണ്ടായിരിക്കേണ്ടതാണ്.

2) അസാധാരണ ഗസറ്റ് (Extra ordinary Gazette) ൽ പ്രസിദ്ധീകരണത്തിനായി വിജ്ഞാപനങ്ങൾ നൽകുമ്പോൾ ക്ഷമതയുള്ള അധികാരികൾ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

   i. ക്ഷമതയുള്ള അധികാരി www.printing.kerala.gov.in എന്ന വെബ്_സൈറ്റിൽ ലഭ്യമായിട്ടുള്ള Guidelines for e-publishing of Extra Ordinary Gazette Notifications എന്ന ലിങ്കിൽ നിഷ്കർഷിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരണമായി തയ്യാറാക്കിയിട്ടുള്ള സംഗതി (Matter), Digital signature സഹിതമാണ് നൽകേണ്ടത്.

   ii. ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനങ്ങളിൽ അച്ചടി വകുപ്പിൽ നിന്നും യാതൊരുവിധ തിരുത്തലും വരുത്തുന്നതിനു സാധ്യമല്ലാത്തതിനാൽ, പ്രസിദ്ധപ്പെടുത്തുന്നതിനായി അയക്കുന്ന വിജ്ഞാപനങ്ങളുടെ ഉള്ളടക്കം പൂർണ്ണമായും തെറ്റ് ഇല്ലാത്തതാണെന്ന് ക്ഷമതയുള്ള അധികാരി ഉറപ്പാക്കേണ്ടതാണ്. ഇത്തരത്തിലുണ്ടാകുന്ന തെറ്റുകൾക്ക് അച്ചടി വകുപ്പിന് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

3) എല്ലാ ഭരണ വകുപ്പുകളും , ഇതുസംബന്ധിച്ച വിവരം, തങ്ങളുടെ നിയന്ത്രണത്തിലുള്ള വകുപ്പുകൾ, സ്ഥാപനങ്ങൾ, ഇവയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

4) 01/06/2019 മുതൽ അസാധാരണ ഗസറ്റുകൾ മേൽപ്പറഞ്ഞ രീതിയിലല്ലാതെ പ്രസിദ്ധീകരിക്കുന്നതല്ല.

5) അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനങ്ങൾ, നിയമപരമായി മറ്റ് ഏതെങ്കിലും അധികാരികൾക്കോ, അധികാര സ്ഥാപനങ്ങൾക്കോ എത്തിച്ച് കൊടുക്കേണ്ടതുണ്ടെങ്കിൽ, ആയതു ബന്ധപ്പെട്ട അധികാരികൾക്കും, അധികാര സ്ഥാപനങ്ങൾക്കും എത്തിച്ചുകൊടുക്കേണ്ട ഉത്തരവാദിത്വം, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി വിജ്ഞാപനങ്ങൾ അയച്ചുതരുന്ന വകുപ്പിനും അധികാരിക്കും മാത്രമായിരിക്കും.

6) ഇ-ഗസറ്റായി പ്രസിദ്ധീകരിക്കപ്പെടുന്ന വിജ്ഞാപനങ്ങൾ 2000 ലെ വിവരസാങ്കേതിക വിദ്യാ നിയമത്തിലെ 4 ഉം 8 ഉം വകുപ്പുകൾ പ്രകാരം, അതിന്റെ ഇലക്ട്രോണിക് രൂപത്തിലും ഡൗൺലോഡ് ചെയ്യപ്പെട്ട രൂപത്തിലും അച്ചടിച്ച രൂപത്തിലും ഒരേപോലെ എല്ലാ ഔദ്യോഗിക ആവശ്യത്തിനും ഇ- ഗസറ്റായി തന്നെ പരിഗണിക്കുന്നതാണ്.

**ടോം ജോസ് ,**

**ചീഫ് സെക്രട്ടറി**

<u>പകർപ്പ്:</u>

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ തലവന്മാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).

അക്കൗണ്ടന്റ് ജനറൽ (എ & ഇ)കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ഹൈക്കോടതി, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള, കൊച്ചി, കോഴിക്കോട്, കണ്ണൂർ യൂണിവേഴ്സിറ്റികൾ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം ശാഖ (ആമുഖ കത്ത് സഹിതം).

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

ഡയറക്ടർ, വിവരപൊതുജനസമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ